പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## വീട് നിർമ്മാണത്തിന് ധനസഹായം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1294

14.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ഡോ. കെ.ടി. ജലീൽ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | 2012-13 ൽ ഇന്ദിരാ ആവാസ് യോജന പ്രകാരം എത്ര വീടുകൾ നിർമ്മിക്കാൻ ധനസഹായം നൽകാനാണ് സർക്കാർ ലക്ഷ്യമിട്ടിരുന്നത്; ഇതിലേയ്ക്കായി എത്ര തുക നീക്കിവച്ചിരുന്നു; | (എ) | 2012-13 -ൽ ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം അനുവദിച്ചു നൽകുന്ന വീടുകളുടെ ഭൗതിക ലക്ഷ്യമായി നിശ്ചയിച്ചിരുന്നത് 59,620 വീടുകളാണ്. ഇതിലേയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതമായി 306.40 കോടി രൂപ നീക്കി വച്ചിരുന്നു. |
| (ബി) | പ്രസ്തുത തുകയിൽ എത്ര തുക പദ്ധതി നിർവ്വഹണ ഏജൻസിക്ക് കൈമാറി; | (ബി) | കേന്ദ്ര-സംസ്ഥാന വിഹിതമായ 206.46 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ നിന്നും അധിക സാമ്പത്തിക സഹായമായി 79.95 കോടിയും പദ്ധതി നിർവ്വഹണ ഏജൻസിക്ക് കൈമാറി. |
| (സി) | 2012-13 ൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് വാസയോഗ്യമാക്കി എന്നറിയിക്കുമോ? | (സി) | 2012-13 -ൽ നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടെ എണ്ണം - 43,607 |

സെക്ഷൻ ഓഫീസർ